For Private Circulation Only

March 2017

# ആഗമദൂതൻ

HOLY BIBLE

Vol.64 “മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം ” (ലൂക്കൊ. 18:1) No.3

## പോരാടി പ്രാർത്ഥിക്കുക സഭയുടെ ആവശ്യം

By Wesley L. Duewel

പോരാടി പ്രാർത്ഥിക്കുന്നത് എങ്ങനെയെന്ന് നാം അറിയേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ശക്തന്മാരായ മദ്ധ്യസ്ഥ പ്രാർത്ഥനക്കാർ, മടുത്തുപോകാതെ പ്രാർത്ഥിക്കുന്നവർ സ്വർഗ്ഗം തുറക്കുന്നതുവരെയും ജാഗ്രതയോടെ പ്രാർത്ഥിക്കുന്നവർ, ദൈവത്തിന്റെ പ്രവൃത്തി വെളിപ്പെടുന്നതുവരെയും പ്രാർത്ഥിക്കുന്നവർ ഇങ്ങനെയുള്ളവരെ ദൈവം അന്വേഷിക്കുന്നു.

ദൈവത്തിന്റെ പദ്ധതികളെ വളരെ ചെറിയ രീതിയിൽ മാത്രം ചെയ്യുന്ന വേണ്ടും വണ്ണം പ്രാർത്ഥിപ്പാൻ അറിയാത്ത ഒരു കൂട്ടം വേലക്കാരെ നമുക്കു കാണുവാൻ കഴിയുന്നു. ദൈവത്തിന്റെ ഹൃദയം അറിയുന്ന കർത്താവിന്റെ ക്രൂശിന്റെ മഹത്വം മനസിലാക്കുന്ന ദൈവത്തിന്റെ ന്യായവിധി അറിയുന്ന ദൈവവചനത്തിന്റെ അർത്ഥത്തെ എല്ലാ വിലയിലും മനസ്സിലാക്കുന്ന ഒരു കൂട്ടം പ്രാർത്ഥിക്കുന്ന ആളുകളെയാണ് ദൈവത്തിനാവശ്യം. പ്രത്യാശയില്ലാത്തവരായി പാപത്തിന്റെ അടിമത്വത്തിലായിരിക്കുന്ന ജനം രൂപാന്തരപ്പെടുത്തുന്ന ദൈവശക്തിയും സന്തോഷവും മഹത്വവും പ്രാപിപ്പാൻ തക്കവണ്ണം അവർക്കുവേണ്ടി പോരാടി പ്രാർത്ഥിക്കുന്ന ദൈവഭക്തന്മാരെയാണ് നമുക്കാവശ്യം. ദൈവത്തെ ദൈവമായും സാത്താനെ സാത്താനായും കാണുന്ന പ്രാർത്ഥനാ വീരന്മാരെയാണ് നമുക്കാവശ്യം.

അതെ, പ്രാർത്ഥനയിൽ പോരാടുന്ന ആളുകളെ ദൈവം അന്വേഷിക്കുന്നു. ആളുകൾ നീതിയുടെ മാർഗ്ഗത്തിൽ എത്തുവാനും ലോകമനുഷ്യർ ദൈവത്തിന്റെ നിത്യമായ രക്ഷയെ കരസ്ഥമാക്കുവാനും ദൈവം ആഗ്രഹിക്കുന്നു. പാപത്തിലായിരിക്കുന്ന ലക്ഷങ്ങൾക്കുവേണ്ടി, ആവശ്യത്തിലിരിക്കുന്നവർക്കുവേണ്ടി അവരെ നിത്യമായി സ്നേഹിച്ച് പാപത്തിൽ നിന്നും നരകത്തിൽ നിന്നും സാത്താന്റെ കയ്യിൽ നിന്നും രക്ഷിച്ച് ദൈവത്തിന്റെ രാജ്യത്തിലെത്തിക്കുവാൻ പോരാടി പ്രാർത്ഥിക്കുന്ന ആളുകളെയാണ് ദൈവത്തിനു വേണ്ടത്. അവരുടെ വീണ്ടെടുപ്പിനുവേണ്ടിയുള്ള വില കർത്താവ് കൊടുത്തു കഴിഞ്ഞു. കാൽവറിയിലൂടെയുള്ള രക്ഷണ്യവേല വിജയകരമായി പൂർത്തീകരിച്ചു. എല്ലാം തയ്യാറായിരിക്കുന്നു എങ്കി ലും മനുഷ്യൻ പാപത്തിന്റെ അന്ധകാരത്തിലും പിശാചിന്റെ അടിമത്വത്തിലും ആയിരിക്കുന്നു.

ആയിരങ്ങൾ അപ്രകാരം പ്രാർത്ഥനയിൽ പോരാടുന്നു എന്നതിൽ ദൈവം സന്തോഷിക്കുന്നു. അതുകൊണ്ട് കർത്താവും പരിശുദ്ധാത്മാവും നമുക്ക് തുണനില്ക്കുന്നു. ജനത്തിന്റെ പ്രാർ ത്ഥനയിലൂടെ ആളുകളെ രക്ഷിച്ചെടുക്കുവാൻ ദൈവം പദ്ധതിയിട്ടിരിക്കുന്നു (സങ്കീ. 2:8). അത് ദൈവത്തിന്റെ നിത്യമായ തീരുമാനമാണ്. യേശു അങ്ങനെ പ്രാർത്ഥിച്ചു എങ്കിൽ നമുക്കും പ്രാർത്ഥനയിൽ പോരാടാം.

**നാം ദൈവത്തെ തോല്പിക്കുന്നു.**

മടിയന്മാരും ദൈവഭയമില്ലാത്തവരുമായ അനേക ക്രിസ്ത്യാനികൾ ദൈവത്തിന്റെ സ്നേഹമുള്ള ഹൃദയത്തെ തോൽപിക്കുന്നു. കർത്താവിന്റെ ക്രൂശീകരണം, ഉയിർത്തെഴുന്നേൽപ് തന്റെ ഹൃദയം, മദ്ധ്യസ്ഥത എല്ലാം വളരെ ലഘുവായി കാണുന്നു. എന്നാൽ ദൈവം കൃപയുള്ളവനായിരിക്കുന്നു (യെശ. 30:18). നമ്മെ സൃഷ്ടിച്ച, രക്ഷിച്ച, ജീവനോടെകാക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളോട് എതിർത്തു നിൽക്കുന്നു.

സഭകൾ, സുവിശേഷീകരണ പ്രസ്ഥാനങ്ങൾ ക്രിസ്തീയ സ്ഥാപനങ്ങൾ മിടുക്കന്മാരായ ആളുകളെക്കൊണ്ട് ക്രമീകൃതമായി നടത്തുന്ന വിശാലമായ പദ്ധതികൾ എല്ലാം നമുക്കുണ്ട്. പക്ഷേ എന്താണ് പ്രയോജനം? പദ്ധതികളുണ്ട് പക്ഷേ പ്രാർത്ഥനയിൽ കുറഞ്ഞിരിക്കുന്നു പ്രാർത്ഥനയിൽ പോരാടുവാൻ നമ്മുടെ ആളുകളെ പഠിപ്പിക്കുന്ന കാര്യത്തിൽ നാം പരാജയപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയിൽ മാതൃകകളായി ചിലരെയെങ്കിലും എടുത്തു കാണിക്കുവാൻ നമുക്ക് ഇല്ലാതായിരിക്കുന്നു.

പുതിയ തലമുറയെ പ്രാർത്ഥന പഠിപ്പിക്കുവാൻ കഴിയുന്ന ക്രിസ്തീയ നേതാക്കന്മാരെവിടെ? പ്രാർത്ഥനയിൽ പോരാടുന്നവാൻ കഴിയുന്ന ആളുകളെ ഒരുക്കിയെടുക്കുന്നു. പ്രാർത്ഥനയില്ലാത്ത പ്രസംഗങ്ങൾ പ്രാർത്ഥനയില്ലാത്തതും ശക്തിയില്ലാത്തതുമായ തലമുറയെ സൃഷ്ടിക്കുന്നു. ഇന്നത്തെ തലമുറയെ പ്രാർത്ഥിക്കുവാനായി ആർ പഠിപ്പിക്കും? പ്രാർത്ഥനയിൽ പോരാടുന്നവർ എവിടെ?

**ക്രിസ്തുവിനെപ്പോലെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി ദൈവം നമ്മെ നിയമിച്ചിരിക്കുന്നു.**

കർത്താവായ യേശുവിനെ പിതാവായ ദൈവം ശ്രേഷ്ഠനായ മദ്ധ്യസ്ഥനാക്കി. അവിടുന്ന് എപ്പോഴും നമുക്കുവേണ്ടി പിതാവിന്റെ വലതുഭാഗത്ത് മദ്ധ്യസ്ഥതയണച്ച് ജീവിക്കുന്നു. ഇപ്പോൾ

(ശേഷം 7-ാംപേജിൽ)

# മദ്ധ്യസ്ഥതയണയ്ക്കുന്നവരെ ദൈവത്തിനാവശ്യമുണ്ട്

By Dennis Kinlaw

യിരെമ്യാ 5:1-ൽ ദൈവം സംസാരിക്കുന്നത് “ ന്യായം പ്രവർത്തിക്കയും വിശ്വസ്ത കാണിക്കയും ചെയ്യുന്നവൻ ഉണ്ടോ? ഒരുത്തനെ കാണുമോ എന്ന് യരുശലേമിന്റെ വീഥികളിൽ ചുറ്റി നടന്ന് അന്വേഷിക്കയും അതിന്റെ വിശാലസ്ഥലങ്ങളിൽ തിരഞ്ഞ് അറികയും ചെയ് വിൻ; കണ്ടു എങ്കിൽ ഞാൻ അതിനോട് ക്ഷമിക്കും ” .

യെഹെ.22:30-ൽ പറയുന്നത്, “ ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിന് മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും” .

യെശ. 59: 14-16-ൽ കാണുന്നത്, “ അങ്ങനെ ന്യായം പിന്മാറി നീതി അകന്നു നില്ക്കുന്നു; സത്യം വീഥിയിൽ ഇടറുന്നു; നേരിന്നു കടപ്പാൻ കഴിയുന്നതുമില്ല. സത്യം കാണാതെയായി; ദോഷം വിട്ടകലുന്നവൻ കവർച്ചയായി ഭവിക്കുന്നു. യഹോവ അതു കണ്ടിട്ട് ന്യായം ഇല്ലായ്ക നിമിത്തം അവന് അനിഷ്ടം തോന്നുന്നു. ആരും ഇല്ലെന്നു അ വൻ കണ്ടു പക്ഷവാദം ചെയ്‌വാൻ ആരും ഇല്ലായ്കയാൽ ആശ്ചര്യപ്പെട്ടു; അതുകൊണ്ട് അവന്റെ ഭൂജം തന്നെ അവനു രക്ഷ വരുത്തി; അവ sâ \ oX nA hs\ Xm§ n”

. ഒരു വ്യക്തിക്ക് ഒരു വ്യത്യാസം ഉണ്ടാക്കുവാൻ കഴിയുമോ? എങ്ങനെയുള്ള വ്യക്തിയെയാണ് ദൈവത്തിന് വേണ്ടത്? ഒരു മദ്ധ്യസ്ഥനെ അല്ലെങ്കിൽ കാര്യത്തിൽ ഇടപെടുന്നവനെ ദൈവം അന്വേഷിക്കുന്നു. എബ്രായഭാഷയിൽ കൂടിച്ചേരുക, കണ്ടുമുട്ടുക എന്നീ അർത്ഥത്തിലുള്ള പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് അകന്നിരുന്ന രണ്ടുപേരെ ഒന്നിപ്പിക്കുന്നവനെയാണ് ദൈവം അന്വേഷിക്കുന്നത്.

സഭയിലെ ഇങ്ങനെയുള്ള ആവശ്യത്തിൽ കൂട്ടായ്മ കാണിക്കുവാൻ ആരാണ് ഞാൻ തയ്യാർ എന്ന് പറയുക? സഭയുടെ ആത്യന്തിക ആവശ്യമായ നിരപ്പിന്റെ ശുശ്രൂഷയ്ക്കായി മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി ദൈവം ആളുകളെ അന്വേഷിക്കുന്നു.

**ദൈവത്തിന്റെ ഭാരം ദൈവത്തോടു ചേർന്നു വഹിക്കുക**

അമി കാർമൈക്കിൾ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു. ഏകദേശം 1895-ൽ അവർ ബ്രിട്ടണിൽ നിന്നും ഒരു മിഷണറിയായി ഇൻഡ്യയിലേക്ക് വന്നു. ഇൻഡ്യയിലെ സ്ത്രീകളെ സംബന്ധിച്ച ക്ഷേത്ര വിശ്വാസം അവരുടെ ശ്രദ്ധയിൽപ്പെട്ടു. ഭർത്താവു മരിച്ചാൽ ഭാര്യ ഭർത്താവിന്റെ ചിതയിൽ ചുട്ടെരിക്കപ്പെടണമായിരുന്നു, കുട്ടികൾ അനാഥരായി തീരുകയും ചെയ്യും. ആൺ കുട്ടികൾക്ക് വലിയ പ്രശ്നമില്ല. കാരണം അവർക്ക്

(ശേഷം 8-ാം പേജിൽ)


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9048677717
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !


*കർത്താവിൽ പ്രിയരേ,*

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. “നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾ ലഭിക്കും ” (മത്തായി 21:22)*

*2017-ാം വർഷത്തിന്റെ ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നുപോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*ദൈവം പറയുന്ന കാര്യങ്ങളെ അനുസരിക്കുവാൻ നാം തയ്യാറാകുക. ആത്മമണവാളനായ നമ്മുടെ കർത്താവ് വരാറായി. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും തന്നെ സംഭവിക്കുകയില്ല. കഷ്ടത നിറഞ്ഞ ലോകത്തെ ജയിച്ച ജയാളിയായ യേശു കർത്താവിൽ നിന്ന് നമുക്ക് ധൈര്യം പ്രാപിക്കാം. കർത്താവ് നമ്മെ സ്നേഹിക്കുന്നു. കർത്താവേ, നീ എന്നോടുകൂടെ പോരുവാൻ കഴിയാത്ത സ്ഥലത്തേയ്ക്ക് ഞാൻ ഒരിക്കലും പോകാതവണ്ണം നീ എന്നെ കാത്തുകൊള്ളേണമേ എന്ന് നമുക്കും ഹൃദയവേദനയോടെ പ്രാർത്ഥിക്കാം. ദൈവം നമ്മുടെ ശരീരാത്മ ദേഹികളെ പൂർണ്ണമായ വിശുദ്ധിയിൽ കാത്തു സൂക്ഷിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുക മാത്രമല്ല അനുഗ്രഹത്തിന്റെ മുഖാന്തരങ്ങളാക്കി തീർക്കുകയും ചെയ്യും. നമുക്കു ലഭ്യമായ അനുഗ്രഹം മറ്റുള്ളവരെ ആകർഷിക്കുകയും അവരും അനുഗ്രഹത്തിലേക്ക് കടന്നു വരുവാൻ നമുക്ക് പ്രാർത്ഥിക്കാം.*

*എല്ലാ വായനക്കാരെയും ദൈവം ധന്യമായി അനുഗ്രഹിക്കട്ടെ. ആശീർവദിക്കട്ടെ. കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്കും ഒരുങ്ങാം.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി*

*ബിന്ദു.എം*

# ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു

By Carter Conlon

യിസ്രായേലിലെ ഒരു നാശത്തെക്കുറിച്ച് യെഹെസ്ക്കേലിന്റെ പുസ്തകം സംസാരിക്കുന്നു ദൈവത്തെ അറിഞ്ഞ് അവിടുത്തെ വഴികളിൽ നടക്കുന്നു എന്ന് ദൈവം അവർക്ക് വച്ച നിലവാരത്തിൽ നിന്നും അവർ വീണുപോയി. ചരിത്രത്തിലുടനീളം നാം നോക്കുമ്പോൾ മനുഷ്യന്റെ പാപം അതിന്റെ പാരമ്യതയിലെത്തുമ്പോൾ, ദൈവം തന്റെ സംരക്ഷണത്തിന്റെ കരം അവരിൽ നിന്നും പിൻവലിക്കുന്നു. അവരുടെ സ്വഭാവ ദൂഷ്യത്താൽ അവർ നശിച്ചുപോകുന്നു. തുടർന്നുള്ള ഈ വേദഭാഗത്തിൽ അതിന്റെ ഉദാഹരണം കാണാം.

യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ നീ അതിനോട് പറയേണ്ടത്: ക്രോധ ദിവസത്തിൽ നീ ശുദ്ധീയില്ലാത്തതും മഴയില്ലാത്തതുമായ ദേശമായിരിക്കും. അതിന്റെ നടുവിൽ അതിലെ പ്രവാചകന്മാരുടെ ഒരു കൂട്ടുകെട്ടുണ്ട്; അലറി ഇര കടിച്ചു കീറുന്ന ഒരു സിംഹം പോലെ അവർ ദേഹികളെ വിഴുങ്ങിക്കളയുന്നു; നിക്ഷേപങ്ങളെയും വിലേയറിയവസ്തുക്കളെയും അപഹരിച്ചുകൊണ്ട് അവർ അതിന്റെ നടുവിൽ വിധവമാരെ വർദ്ധിപ്പിക്കുന്നു”(യെഹെ. 22:23-25).

ഒരു രാജ്യം നീതിയുടെ വഴിയിൽ നിന്നും വ്യതിചലിപ്പിക്കുവാൻ തുടങ്ങുമ്പോൾ, എന്താണ് സംഭവിപ്പാൻ പോകുന്നത് എന്ന് അറിയിപ്പാൻ ദൈവം പ്രവാചകന്മാരെ എഴുന്നേൽപിക്കും. എന്നാൽ മനംതിരിയുന്നില്ലെങ്കിൽ ദൈവം തന്റെ പ്രവൃത്തി അയയ്ക്കും. യിസ്രായേലിലെ കള്ളപ്രവാചകന്മാർ ഈ അവസരം മുതലാക്കുന്നു. ആ തലമുറയിൽ പ്രയോജനപ്പെടേണ്ടവരായ ആളുകളെ കരങ്ങളിലെടുത്ത് ലക്ഷ്യങ്ങളെ തെറ്റിച്ച് നാശയോഗ്യരാക്കുന്നു ആ കാരണത്താൽ യിസ്രായേലിൽ വിധവകൾ പെരുകുന്നു. കുടുംബങ്ങൾ തകരുന്നു. രാജ്യത്തിന്റെ ശക്തി ക്ഷയിക്കുന്നു.

“ അതിലെ പുരോഹിതന്മാർ എന്റെ ന്യായപ്രമാണത്തോടു ദ്രോഹം ചെയ്തു എന്റെ വിശുദ്ധ വസ്തുക്കളെ അശുദ്ധമാക്കുന്നു; അവർ ശുദ്ധവും അശുദ്ധവും തമ്മിൽ വേർതിരിക്കുന്നില്ല; മലിനവും നിർമ്മലിനവും തമ്മിലുള്ള ഭേദം കാണിച്ചു കൊടുക്കുന്നതുമില്ല. ഞാൻ അവരുടെ മദ്ധ്യേ അശുദ്ധനായി ഭവിക്കത്തക്കവണ്ണം അവർ എന്റെ ശബ്ബത്തുകളെ നോക്കാതെ കണ്ണു മറെച്ചുകളയുന്നു. അതിലെ പ്രവാചകന്മാർ വ്യാജം ദർശിച്ചും കള്ളപ്രശ്നം പറഞ്ഞും യഹോവ അരുളിചെയ്യാതിരിക്കെ യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്ന് പറഞ്ഞു കൊണ്ട് അവർക്ക് കുമ്മായം തേയ്ക്കുന്നു. (യെഹ. 22:26,28).

ദൈവത്തിനുള്ളതും അല്ലാത്തതും തമ്മിൽ വ്യക്തമായ വേർതിരിവില്ല. പ്രവാചകന്മാർ ആളുകൾ ഇഷ്ടപ്പെടുന്ന കാര്യങ്ങളിലേക്ക് അവരുടെ ശ്രദ്ധതിരിച്ചിട്ടു തങ്ങളുടെ സ്ഥാനങ്ങൾ ഉറപ്പിച്ച് ദൈവം അരുളി ചെയ്യാത്തതിനെ യഹോവ ഇങ്ങനെ അരുളിചെയ്യുന്നു എന്ന് സംസാരിക്കുന്നു.

“ ദേശത്തിലെ ജനം ഞെരുക്കം ചെയ്കയും പിടിച്ചുപറിക്കയും എളിയവനെയും ദരിദ്രനെയും ഉപദ്രവിക്കയും പരദേശിയെ അന്യായമായി പറിപ്പിക്കയും ചെയ്യുന്നു ” (യെഹെ. 22:29). ഒരു രാജ്യത്തിന്റെ തകർച്ചയാണ് ഇവിടെ കാണുന്നത് സാമൂഹികമായി, ആത്മികമായി, ധാർമ്മികമായി തകരുന്നു ന്യായവിധിയിലേക്ക് നടത്തപ്പെടുന്നു.

നിശ്ചയമായും ഇന്ന് നമ്മുടെ രാജ്യം ഇങ്ങനെ നാശത്തിന്റെ വക്കിലാ

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയെയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

( 3-ാം പേജിന്റെ തുടർച്ച)

## ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു

ണെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഉപദേശം നാം വലിച്ചെറിഞ്ഞു. തിന്മയെ ഇന്ന് നന്മയായി കണക്കാക്കുന്നു. നന്മയെ തിന്മയായി കണക്കാക്കുന്നു. അതിൽ നാമും പങ്കു കൂടുന്നു. നമ്മുടെ കണ്ണിന്റെ മുമ്പിൽ നീതിമാൻ ഉപദ്രവിക്കപ്പെടുന്നു.മനുഷ്യനെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ മനസിലാക്കുന്നില്ല. സമൂഹം പാടെ അധഃപതിച്ചിരിക്കുന്നു.

## കരുണ ന്യായവിധിയെ ജയിക്കുന്നു.

കർത്താവു നീതിയുള്ള കർത്താവാകയാൽ അവിടുന്ന് നീതിയോടെ തന്നെ ന്യായം വിധിക്കും. മനുഷ്യന്റെ സകല പ്രവൃത്തികളെയും ദൈവം ന്യായം വിധിക്കും.

“ ”ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിന് മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെയിടയിൽ അന്വേഷിച്ചു. ആരെ യും കണ്ടില്ലാതാനും ” . ആകയാൽ ഞാൻ എന്റെ ക്രോധം അവരുടെമേൽ പകർന്നു എന്റെ കോപാഗ്നി കൊണ്ട് അവരെ മുടിച്ചു കളഞ്ഞിരിക്കുന്നു; അവരുടെ നടപ്പിന് തക്കവണ്ണം ഞാൻ അവർക്ക് പകരം കൊടുത്തിരിക്കുന്നു എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാടു ” (യെഹെ 22:30,31).

ഒരു പുരുഷനെ ഞാൻ അന്വേഷിച്ചു. ദൈവം രാജ്യത്ത് ഒരു അന്വേഷണം നടത്തി. ഇടിവിൽ നില്ക്കാൻ ഒരു പുരുഷനെ അന്വേഷിച്ചു തന്റെ കരം ജനത്തിന്മേൽ നിന്നും മാറ്റുവാൻ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നില്ക്കുവാൻ ദേശത്തെ ന്യായവിധിയിൽ നിന്നും രക്ഷിക്കുവാൻ ദൈവം ആഗ്രഹിച്ചു.

ആരെയും കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്നത് അത്ഭുതകരമായ കാര്യം തന്നെയാണ്. നാം ദൈവാലയത്തിലേക്ക് നോക്കിയാൽ വിചിത്രമായ കാര്യങ്ങൾ അവിടെ കാണാം. ആലയത്തിലെ ആചാരങ്ങളെ കാണുന്ന ഒരു വലിയകൂട്ടം ജനത്തേയും തിരുവെഴുത്തുകൾ പഠിക്കുകയും പഠിപ്പിക്കുന്നവരെയും അവിടെ കാണാം. നാമമാത്രമായെങ്കിലും ധാർമ്മിക ജീവിതം പഠിപ്പിക്കുന്നവരെയും അതു പ്രമാണിക്കുന്നവരെയും ഷനെ ഇടിവിൽ നിൽക്കാൻ കിട്ടിയില്ല എന്ന് പറഞ്ഞാൽ ദൈവം കരുണയുള്ളവൻ എന്ന് വിശ്വസിക്കുവാനും ആ കരുണ പ്രകാരം രക്ഷിക്കുന്ന ദൈവത്തിന്റെ രക്ഷയെ മനുഷ്യർക്ക് പകർന്നു കൊടുക്കാനുള്ള ദൗത്യം ഏറ്റെടുക്കാൻ ഒരു പുരുഷനെ അവിടെ കണ്ടില്ലെന്നോ?

നാം കാണുന്നത് ആളുകൾ ആലയത്തിൽ ആഗതരായിരിക്കുന്നു, ആചാരങ്ങളിൽ പങ്കെടുക്കുന്നു, തിരുവചനം വായിക്കുന്നു, പഠിപ്പിക്കുന്നു. എന്നാൽ വിശ്വസിക്കുവാൻ അവർക്ക് കഴിയുന്നില്ല. നാം തെരുവിലേയ്ക്ക് ശ്രദ്ധിച്ചാൽ കാര്യങ്ങലെ പരിശോധിച്ചാൽ നാം ഇങ്ങനെ പറയേണ്ടിവരുന്നു. “ ”ദൈവത്തിന്റെ ന്യായവിധിവരാൻ പോകുന്നു ” . അതിന്റെ തെളിവുകൾ വളരെ ലളിതമായി തന്നെ നമ്മുടെ മുമ്പിലുണ്ട്. ദൈവത്തിന്റെ ഹൃദയത്തെ അറിയുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ദാരുണമായ ഒരു വസ്തുതയാണ്. എന്നാൽ നമുക്ക് വിശ്വസിപ്പാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമുണ്ട്. ദൈവം നമ്മോടു കരുണ കാണിക്കുവാൻ ആഗ്രഹിക്കുന്നു.

## ആത്മീകമായ ഒരു ഉണർവ്വ്

ചരിത്രത്തിലുടനീളം നോക്കുമ്പോൾ ഒരു സദ്വാർത്തയുടെ നിമിഷങ്ങൾ. അതിന് നമുക്ക് ഇങ്ങനെ വിളിക്കാം- ആത്മീയ ഉണർവ്വുകൾ അപ്പോൾ ചിലർ, ഒരു പക്ഷേ അനേകർ, ദൈവത്തിന്റെ ഇഷ്ടം മനസിലാക്കിയിട്ട് പെട്ടെന്ന് എഴുന്നേറ്റ് ജനത്തിന്റെ ഉദ്ധാരണത്തിനും സൗഖ്യത്തിനുമായി പ്രവർത്തിക്കും. അവർ ദൈവത്തിന്റെ ഇഷ്ടം മനസിലാക്കും. നമ്മുടെ ബലത്തിലല്ല പ്രത്യുത നമ്മുടെ ബലഹീനതയിലും നമ്മുടെ സമൃദ്ധിയിലും ദാരിദ്ര്യത്തിൽ തന്നെ. ദൈവം തന്റെ മഹത്വം വെളിപ്പെടുത്തും. എല്ലാറ്റിലുപരി നാം ആരോഗ്യത്തോടെയിരിക്കുമ്പോൾ അല്ല നമ്മെ സിംഹാസനത്തോടടുത്തു ചെല്ലുവാനത്രേ നമ്മെ വിളിക്കുന്നത് (എബ്രാ. 4:16).

ദൈവത്തിന്റെ പ്രവൃത്തി അവിശ്വസനീയമായ നിലവാരത്തിലാണ് വെളിപ്പെടുന്നത്. പ്രതീക്ഷിക്കാത്ത ഒരു സമയത്ത് തിരശ്ശീല നീക്കി പ്രദർശിപ്പിക്കുന്നതുപോലെ അവിശ്വസനീയ മായ രീതിയിൽ ദൈവത്തിന്റെ വലിയ കരുതൽ ലഭ്യമാക്കുന്നു. ദൈവത്തിന്റെ കരുണയുടെയും ശക്തിയുടെയും അസാധാരണമായ ഉറവുകൾക്കായി നാം അർപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവവചനത്തിന് ചെവികൊടുപ്പാൻ ജനം ആരംഭിക്കുമ്പോൾ ഉണർവ്വ് ആരംഭിക്കുന്നു. നിങ്ങളുടെ ദേശം മലിനം എന്ന് ഞാൻ അറിയുന്നു. നിങ്ങളുടെ പ്രവാചകന്മാർ എനിക്കു വേണ്ടി സംസാരിക്കുന്നില്ല. പകരം മതപരമായ ആചാരങ്ങളിൽ മുഴുകി തങ്ങളുടെ തെറ്റുകളെ നീതീകരിച്ചു പ്രയോജനമില്ലാത്ത വഴിയിൽ ജനത്തെ നടത്തുന്നു. ദൈവത്തോടു എതിർ ത്തു നിൽക്കുന്നു. ജനത്തെ കൊള്ളയടിക്കുന്നു. ദരിദ്രനെയും ആവശ്യത്തിലിരിക്കുന്നവരെയും അസഹ്യപ്പെടുത്തുന്നു. എന്നാലും ഒരിക്കൽ കൂടെ ഞാൻ അവരോടു കരുണ കാണിക്കും.

യെഹെസ്ക്കേലിന്റെ കാലഘട്ടത്തിൽ ദൈവത്തിന് ഉപയോഗിക്കാൻ കൊള്ളാവുന്നവരായി ആരെയും കണ്ടില്ല. എല്ലാ അർത്ഥത്തിലും ജനം ദൈവത്തിൽ നിന്നും അകന്നുപോയി. ഒരു പക്ഷേ അന്നത്തെ ആളുകൾ ദൈവം ലോകത്തോട് കരുണ കാണിക്കും എന്ന് വിശ്വസിച്ചിരിക്കാം പക്ഷേ അത് എന്നിലൂടെയല്ല.

ഗിദെയോനിലൂടെ ദേശത്തോട് കരുണ കാണിക്കുവാൻ ദൈവം ഇറങ്ങി വരുമ്പോൾ ഗിദെയോൻ പോലും തെറ്റായ ഒരു പ്രതികരണമാണ് കാണിക്കുന്നത്. ദൈവം പ്രത്യക്ഷപ്പെട്ട് ഗിദെയോനോട്, അല്ലയോ പരാക്രമശാലിയേ എന്ന് വിളിക്കുമ്പോൾ ഗിദെയോൻ സംസാരിക്കുന്നത് അയ്യോ യജമാനനേ യഹോ വ നമ്മോടുകൂടെയുണ്ടെങ്കിൽ ഇതൊക്കെയും നമുക്കു ഭവിക്കുന്നതെന്ത്? (ന്യായ. 6:13). എന്റെ ഗോത്രം യിസ്രായേലിൽ ചെറുതല്ലോ; എന്റെ കുടുംബത്തിൽവച്ച് ഞാൻ ഏറ്റവും ചെറിയവനും അല്ലേ എന്നു പറഞ്ഞു (ന്യായ. 6:15).

എന്നാൽ ഒരു പുരുഷനെയോ സ്ത്രീയെയോ ദൈവത്തിനു വേണ്ടി ശക്ത

(ശേഷം 5-ാം പേജിൽ)

( 4-ാംപേജിന്റെ തുടർച്ച)

## ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു

രാക്കുന്ന തന്റെ വചനത്തെ ഗിദെയോനുവേണ്ടി അയച്ചു. മനുഷ്യബുദ്ധിക്ക് മനസിലാക്കാൻ കഴിയാത്ത ഒരു പുതിയ പദ്ധതിയിലൂടെ ഗിദെയോൻ തന്റെ മൂന്നൂറ് പേരുള്ള സൈന്യവുമായി നീങ്ങി; ദൈവം ഗിദെയോന് വലിയ വിജയം നൽകി (ന്യായാ. 7:20-22).

ഗിദെയോൻ ആ സമയം തന്നെത്താൻ സമർപ്പിക്കാതിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. ഒരു ഗിദെയോനോ, ഒരു മോശയോ, ഒരു എസ്ഥറോ എഴുന്നേറ്റ് പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ എന്താണ് സംഭവിക്കുമാ.യിരുന്നത്? യിസ്രായേലിന്റെ നന്മയുടെ ഉറവിടങ്ങളെ ശത്രുക്കൾ ചോർത്തിക്കൊണ്ടു പോകുമായിരുന്നു, യിസ്രായേൽ ജനം മിസ്രയിമിൽ അടിമകളായി തുടരുമായിരുന്നു; മൊർദ്ദെഖായിയുടെ കുടുംബം നശിച്ചുപോകുമായിരുന്നു.

അതുകൊണ്ട് നമ്മുടെ തലമുറയിൽ തന്റെ കലവറ ഒരിക്കൽ കൂടെ തുറന്നു വച്ചിരിക്കുന്നു. അതിന്റെ വാതിൽക്കൽ നിന്ന് ഒരുവൻ വിളിച്ചു പറയുന്നത് ഇതാ ഇവിടെ വിലമതിക്കാൻ കഴിയാത്ത ഒരു കലവറയുണ്ട്. അതാതു സമയത്തും മാത്രം ഇതു വെളിപ്പെടും. ഒരു വേലക്കാരനെപ്പോലെ വിളിച്ചു ചോദിക്കുന്നത് ആർ എനിക്ക് നുറു ഡോളർ തരും? ആർ അമ്പതു തരും? പത്തു തരുമോ? അഞ്ച്? ആർ എനിക്ക് ഒരു ഡോളർ തരും? ഈ വിലമതിക്കാൻ കഴിയാത്ത കലവറയ്ക്കുവേണ്ടി?

അതുപോലെ ഒരു പുരുഷനെയും സ്ത്രീയെയും വിളിച്ചിറക്കി തനിക്കുവേണ്ടി അവരെ ഉപയോഗിക്കാനാഗ്രഹിക്കുന്നു. ഞാ നും നിങ്ങളും ഒരു ദിവസം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുമ്പോൾ നാം മനസ്സിലാക്കും. ചരിത്രത്തിന്റെ ഏടുകളിൽ എത്രയോ പ്രാവശ്യം ദൈവം ചിലരെ അന്വേഷിച്ച് ഇറങ്ങി വന്നു എന്ന് ഓർക്കുക, ഒരു രാജ്യത്തെ രക്ഷിക്കു വാൻ ഒരു വലിയ കൂട്ടം ആളുകളെയല്ല ദൈവം അന്വേഷിക്കുന്നത്. നിങ്ങളുടെ അയൽക്കാരെ രക്ഷിക്കുവാൻ ഒരു നൂറുപേരെയല്ല ദൈവം അന്വേഷിക്കുന്നത്. ദൈവം കരുണ കാണിക്കുന്ന ദൈവം എന്ന് വിശ്വസിക്കുന്ന ഒരുവനെയാണ് ദൈവം അന്വേഷിക്കുന്നത്. എന്നാൽ അങ്ങനെ ഒരു വ്യക്തി മുന്നോട്ടു വരുന്നില്ലെങ്കിൽ ദൈവത്തിന്റെ ആ കലവറയെ വീണ്ടും പാഴാക്കിക്കളയുകയോ അടച്ചുകളകയുകയോ ചെയ്യുകയാണ്. മറ്റൊരു വ്യക്തി എഴുന്നേല്ക്കുന്നതു വരെ ആ കരുണ ദേശത്തിന് അനുഭവമാക്കുവാൻ സാധിക്കുന്നതല്ല. രക്ഷ പ്രാപിപ്പാൻ കഴിയുമായിരുന്ന ഒരു കൂട്ടം അങ്ങനെ നഷ്ടപ്പെട്ടുപോവുകയാണ്. ദൈവം ദേശത്തോടു കരുണ കാണിക്കുവാനായി വെളിപ്പെടുകയും ഒരു പുരുഷനെ അന്വേഷിക്കയും അങ്ങനെ ഒരുവനെ കണ്ടെത്താതെ വരികയും ചെയ്യുമ്പോൾ ഒരു വലിയ ദുരന്തത്തിലേയ്ക്കാണ് ലോകം നീങ്ങി ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ കൈ ഉയർന്നിരിക്കുന്നു. ദൈവവചനം പറയുന്നത്, മനുഷ്യന്റെ നഷ്ടം അവനവന്റെ തലമേൽ തന്നെ ഇരിക്കും.

## വിശ്വാസത്തിന്റെ ചുവടുകൾ മുന്നോട്ട്

ഈ സമയത്ത് ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ നമ്മെ വിട്ടുകൊടുക്കുമ്പോൾ നാം വിശ്വാസത്തിൽ മുന്നേറുവാൻ ആഗ്രഹമുണ്ടായിരിക്കണം. ദാവീദ് യിസ്രായേൽ പാളയത്തിലേക്ക് ചെന്നപ്പോൾ ഗോലിയാത്തിന്റെ വെല്ലുവിളി കേട്ടിട്ട് താൻ എല്ലാം മറന്ന് അവനോട് യുദ്ധം ചെയ്യുവാൻ തീരുമാനിക്കുകയാണ് (1ശമു. 17:23). ദൈവത്തെ ദുഷിക്കുന്ന ഗോലിയാത്തിന്റെ വാക്കുകളെ കേട്ടിട്ട് ദാവീദ് ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ എന്ന് പറഞ്ഞു.

യിസ്രായേൽ ജനം ഭയന്ന് നില്ക്കുമ്പോൾ ദാവീദ് പറഞ്ഞത്, ഇവന്റെ നിമിത്തം നിങ്ങൾ ആരും അധൈര്യപ്പെടേണ്ട. അടിയൻ ചെന്ന് ഈ ഫെലിസ്ത്യനോട് അങ്കം പൊരുതും. ഇവിടെ ഒരിക്കൽ കൂടെ ഒരുവൻ കൂടെ വിശ്വസിച്ചിരിക്കുന്നു. ദൈവം ഈ തലമുറയോടു കരുണ കാണിക്കും. ദാവീദ് കയ്യിൽ കവിണയും അഞ്ച് കല്ലുമായി മുന്നോട്ടു പോയി. തന്റെ പക്കലുള്ള അള അല്പത്തെ തന്റെ മഹത്വത്തിനായി ദൈവം വർദ്ധിപ്പിക്കും എന്ന് ദാവീദ് വിശ്വസിച്ചു. ദാവീദ് ഗോലിയാത്തിനെ കൊന്നു. ദൈവജനത്തെ ആ തലമുറയിൽ വിശ്വാസത്തിലേയ്ക്കും ദൈവഭയത്തിലേക്കും മടക്കിക്കൊണ്ടുവരുവാൻ ഇടയായി.

ഇതാണ് ദൈവം ആഗ്രഹിക്കുന്ന വിശ്വാസം നമ്മുടെ ഈ തലമുറയിലും ദൈവം ആഗ്രഹിക്കുന്ന പ്രവൃത്തി ഇതാണ് ഒരു പുരുഷനെ അന്വേഷിക്കുന്നു. എബ്രായലേഖനത്തിൽ വായിക്കുന്നത്: "" " വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാ ണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്കു സാക്ഷ്യം ലഭിച്ചത്. ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നും നാം വിശ്വാസത്താൽ അറിയുന്നു " (എബ്രാ. 11::1-3). മറ്റൊരു വിധത്തിൽ പറഞ്ഞാൽ എന്റെ ആവശ്യമെല്ലാം എന്റെ ഹൃദയത്തിൽ നൽകപ്പെട്ട വചനത്തിലുണ്ട്. ഈ അഖിലാണ്ഡത്തെ മുഴുവൻ ദൈവം സൃഷ്ടിച്ചു എങ്കിൽ ഏതുമില്ലാത്തവനായ എന്നെ ദൈവത്തിന് ശക്തമായി ഉപയോഗിപ്പാൻ കഴിയും. ദൈവത്തിന്റെ വചനം സ്വീകരിപ്പാൻ ഉള്ള ഒരു ഹൃദയമുണ്ടായിരുന്നാൽ മതി.

വിശ്വാസം എന്നതോ് കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയമാണ്. നാം നമ്മെക്കുറിച്ച് നാം ചിന്തിക്കുന്ന കാര്യങ്ങളിൽ നിന്നും തിരിഞ്ഞ്, നമ്മെ ഇല്ലാതാക്കുന്ന സകല ചിന്തകളെയും പകെച്ച് നമ്മോടു തന്നെ പറയുന്നു, നിനക്ക് മാത്രമേ അത് ചെയ്യാൻ കഴിയൂ, അത് പിന്നെയല്ല, ഇപ്പോഴാണ്! വേദപുസ്തകം പറയുന്നത്, ദാവീദ് ശൗലിന്റെ താക്കീതിനെ വകവച്ചില്ല, ഈ ഫെലിസ്ത്യനോട് ചെന്ന് അങ്കം പൊരുതുവാൻ നിനക്കു പ്രാപ്തിയില്ല, നീ ബാലനത്രേ, അവനോ ബാല്യം മുതൽ യോദ്ധാവത്രേ എന്നു പറഞ്ഞു (2 ശമു. 17:33). എന്നാൽ വിശ്വാസം സംസാരിക്കുന്നത് ദൈവം സംസാരിക്കുമ്പോൾ ഞാൻ മുന്നോട്ടു പോകും ഞാൻ വിശ്വസി

(ശേഷം 6-ാംപേജിൽ)

(5-ാംപേജിന്റെ തുടർച്ച)

## ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു

ക്കുന്നു എന്നെ വിളിച്ചാക്കിയ കാര്യം നിവർത്തിപ്പാനുള്ള ശക്തി അവിടുന്ന് തരും, എന്നെ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചവൻ സംസാരിക്കുമ്പോൾ ഞാൻ അതിനെ അവിശ്വസിക്കുവാൻ തയ്യാറല്ല. ഞാൻ ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുന്നു. അവിടുത്തേയ്ക്ക് എന്റെ ജീവിതത്തിലൂടെ വിലയ അത്ഭുതങ്ങൾ ചെയ്യാൻ കഴിയും.

രണ്ടായിരം വർഷങ്ങളായി പഠിച്ചിട്ടും യേശുവിനെ യഥാർത്ഥമായി പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അത് കഷ്ടമെന്നേ പറയേണ്ടൂ. ദൈവശക്തിയില്ലാത്ത അറിവുകൊണ്ട് പ്രയോജനമില്ല. എബ്രായ ലേഖനകാരൻ എഴുതുന്നത് " എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ " (എബ്രാ. 11:6). പള്ളിയിൽ പോകുന്നതുകൊണ്ടോ വേദപുസ്തക പഠനത്തിലൂടെയോ വെറും പ്രാർത്ഥനയിലൂടെയോ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല.ഈ കാര്യങ്ങളെ.ല്ലാം പ്രധാനപ്പെട്ടവയാണ്. എന്നാൽ ഈ കാര്യങ്ങളാൽ മാത്രം ദൈ വത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ (എബ്രാ. 11:6). പള്ളിയിൽ പോകുന്നതുകൊണ്ടോ വേദപുസ്തക പഠനത്തിലൂടെയോ വെറും പ്രാർത്ഥനയിലൂടെയോ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ഈ കാര്യങ്ങളിലൂടെ നമ്മുടെ വിശ്വാസം വർദ്ധച്ചിട്ട് ദൈവത്തിന്റെ പദ്ധതികളെ നമ്മുടെ പദ്ധതിയായി ഏറ്റെടുക്കുമ്പോഴാണ് നമ്മുടെ സ്വാഭാവികമനസ്സ് ദൈവത്തിന്റെ മനസ്സായി രൂപാന്തരപ്പെട്ട് ദൈവത്തിനായി പ്രയോജനപ്പെടുവാൻ തുടങ്ങുന്നത്.

### ആ ആഹ്വാനം ആർ മുഴക്കും

" കർത്താവ് പറഞ്ഞത് ഞാൻ ഒരു പുരുഷനെ അന്വേഷിക്കുന്നു. എന്നെ വിശ്വസിക്കുവാൻ എന്റെ മനസിനെ അറിയുവാൻ എന്റെ കരുണ ലോകത്തിന് പകർന്നുകൊടുക്കുവാൻ എനിക്ക് ഉപയോഗിക്കുവാൻ അവരുടെ ജീവിതത്തിലൂടെ എന്റെ അത്ഭുതങ്ങൾ ചെയ്യുവാൻ ഞാൻ ഒരു പുരുഷനെ അന്വേഷിക്കുന്നു ".

ദൈവത്തിന്റെ ആ വിളി ഒരിക്കൽ കൂടെ ഈ കാലഘട്ടത്തിൽ മുഴങ്ങി കേൾക്കുന്നു. അത് ചോദിക്കുന്നത് യെഹെസ്‌ക്കേലിന്റെ കാലഘട്ടം വീണ്ടും ആവർത്തിക്കുമോ? രാജ്യം കരുണ കൂടാതെ നശിച്ചുപോകുമോ? ആരെങ്കിലും എവിടെയെങ്കിലും കർത്താവിന്റെ ജീവിതത്തെ അവിടുത്തെ കരുണയെ അവിടത്തെ ശക്തിയെ, അവിടുത്തെ കലവറയെ പ്രസിദ്ധമാക്കുവാൻ എഴുന്നേൽ ക്കുമോ?

നിങ്ങൾക്കു ആഗ്രഹമുണ്ടായേക്കാം. പക്ഷേ പലപ്പോഴും ചിന്തിക്കുന്നത്, എനിക്ക് അത് ചെയ്യാൻ കഴിയുമോ? അങ്ങനെയെങ്കിൽ ദൈവത്തിന്റെ ശബ്ദം ശ്രദ്ധിക്കുക, യെശയ്യാ പ്രവാചകൻ പറയുന്നു, " അല്ലയോ ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ, വെള്ളത്തിന് വരുവിൻ, വന്ന് വാങ്ങി തിന്നുവിൻ, നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ " (യെശ. 55:1).

ഇത് ദൈവത്തിന്റെ വിളിയാണ്. നിങ്ങളുടെ പക്കൽ ഒരു ഡോളറേ ഉള്ളൂ എങ്കിൽ കർത്താവിനോടു പറയുക: കർത്താവേ എന്റെ പക്കൽ ഇത്രയേയുള്ളൂ. നിങ്ങളുടെ പക്കൽ അതിലും കുറഞ്ഞ നാണയത്തുട്ടുകളാണുള്ളതെങ്കിൽ കർത്താവിനോടു പറയുക എന്റെ പക്കൽ ഇത്രയേയുള്ളൂ. കർത്താവേ, നമ്മുടെ സമ്പത്തോ ആരോഗ്യമോ ദൈവം നോക്കുന്നില്ല. ദൈവം നമ്മുടെ ഹൃദയങ്ങളെ നോക്കുന്നു. നമുക്കിങ്ങനെ പറയാം. കർത്താവേ ഞാൻ ഇതാ എന്നെ എടുത്തുകൊള്ളൂ. എന്റെ കയ്യിലുള്ളതിനെ കർത്താവേ അവിടുന്ന് എടുത്തുകൊള്ളൂ. എന്റെ കയ്യിലെ ഒരു ഡോളർ, എന്റെ കയ്യിലെ ചെറിയ നാണയത്തുട്ടുകൾ, എന്റെ കയ്യിലെ അഞ്ചപ്പം എടുത്തു കൊള്ളൂ കർത്താവേ, അത് അനേകർക്ക് പ്രയോജനകരമാകട്ടെ. ദൈവത്തിന്റെ കരുണയും ശക്തിയും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ ദൈവമേ എന്നെ ഉപയോഗിക്കേണമേ.

ദൈവത്തിന്റെ അളവില്ലാത്ത കലവറയെ ഇനിയും മറച്ചുവയ്ക്കുവാൻ ഞങ്ങളെ അനുവദിക്കരുതേ. ഈ കാലഘട്ടത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ കരുണയുടെ ബഹുത്വത്തെ അടച്ചു വയ്ക്കുവാൻ ഞങ്ങൾക്കിടയാകരുതേ. എത്ര ദുഃഖകരമായ കാര്യമാണ് ദൈവം ഒരു പുരുഷനെ അന്വേഷിച്ചു കണ്ടുകിട്ടിയില്ല എന്നത്. ഇത് നാം എഴുന്നേല്ക്കേണ്ടതായ സമയം! നമ്മെത്തന്നെ ത്യജിച്ച് സംശയവിചാരങ്ങളെ വെടിഞ്ഞ് ദൈവത്തിന്റെ വിളിക്ക് ചെവികൊടുത്ത് ഈ കാലഘട്ടത്തിനുവേണ്ടിയുള്ള നമ്മുടെ ദൗത്യത്തെ നിറപടിയായി നിവർത്തിക്കാം. ഒരു തലമുറ മുഖാന്തരം രൂപാന്തരപ്പെടും.

❖

**" അതുകൊണ്ട് വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീതവിളിക്കു ഓഹരിക്കാരായുള്ളോരെ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ". (എബ്രാ. 3:1)**

**" ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? അല്ല തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും " (മത്താ. 16:26,27).**

**" ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ "(കൊലോസ്യർ 3:4,5).**

(1-ാം പേജിന്റെ തുടർച്ച )

## പോരാടി പ്രാർത്ഥിക്കുക, സഭയുടെ ആവശ്യം

നമുക്കുവേണ്ടി വിശുദ്ധ സ്ഥലത്തേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. അവിടുന്ന് നമുക്കും ഇന്നും എന്നേയ്ക്കും ഉള്ള മദ്ധ്യസ്ഥനായിരിക്കുന്നു. മഹാപുരോഹിതൻ എന്ന നിലയിൽ തന്റെ അർപ്പണം ഒരിക്കലായി എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു. തന്റെ മദ്ധ്യസ്ഥത എന്നേയ്ക്കും തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ നമ്മുടെ കർത്താവും ദൈവവുമായ യേശു നമുക്കുവേണ്ടി ശ്രേഷ്ഠമദ്ധ്യസ്ഥനായി തുടരുന്നു.

തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും നമ്മെ സൃഷ്ടിച്ച ദൈവം വ്യക്തിത്വത്തിലും സ്വഭാവത്തിലും തന്നെപ്പോലെ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. ത്രിയേക ദൈവവുമായുള്ള കൂട്ടായ്മയ്ക്കായി നാം സൃഷ്ടിക്കപ്പെട്ടു. ദൈവവുമായി ഒരു പ്രത്യേക ബന്ധത്തിലായിരിക്കുവാൻ നമ്മെ സൃഷ്ടിച്ചു. പുത്രനുമായി ആത്മീയ കൂട്ടായ്മയ്ക്കായി നമ്മെ സൃഷ്ടിച്ചു (1കൊരി. 1:9). പുത്രന്റെ മണവാട്ടിയായിരിപ്പാൻ നമ്മെ സൃഷ്ടിച്ചു. (യെശ. 62:5; 1 യോഹ. 3:29; എഫെ. 5:25,26).

ദൈവത്തിന്റെ മറുപടി വരുന്നതുവരെയും മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുവാൻ നമ്മെ ആക്കി വച്ചിരിക്കുന്നു. കർത്താവു നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നതുപോലെ നാമും അവിടുത്തെ പ്രതിനിധികളായി നാം പ്രാർത്ഥിക്കേണ്ടതാണ്. ആളുകളുടെ ആവശ്യങ്ങൾ അറിഞ്ഞു പ്രാർത്ഥിക്കുവാൻ തന്റെ ആത്മാവിനെയും നമുക്ക് വച്ചിരിക്കുന്നു. ബലഹീനതയിൽ നമ്മെ താങ്ങുവാൻ പരിശുദ്ധാത്മാവിനെ വച്ചിരിക്കുന്നു (റോമർ. 8:26). ദൈവം നമുക്കു തന്ന അധികാരത്തെ പ്രാർത്ഥനയിൽ ഉപയോഗിക്കുവാൻ നമ്മോടു പറഞ്ഞിരിക്കുന്നു. (യോഹ. 14:13-15; 15:16, 16:23,24).

ദൈവം നമ്മെ പുരോഹിതന്മാരാക്കി വച്ചിരിക്കുന്നു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. എല്ലാ പുരോഹിതന്മാരും ദൈവത്തിന്റെ മുമ്പാകെ മനുഷ്യനുവേണ്ടി മദ്ധ്യസ്ഥയണയ്ക്കുകയാണ്. ചെയ്യുന്നത് (വെളി. 1:6). നാം വിശുദ്ധപുരോഹിതന്മാർ മാത്രമല്ല (1പത്രൊ. 2:5). രാജകീയ പുരോഹിതന്മാരാണ് (1 പത്രൊ. 2:9). മഹാരാജാവിന് സേവചെയ്യുവാൻ ആക്കി വച്ചിരിക്കുന്നു. ദൈവവചനം ആഴമായി പഠിച്ചാൽ മദ്ധ്യസ്ഥതയിൽ ഒരു രാജകീയ പ്രഭാവം ഉൾക്കൊണ്ടിരിക്കുന്നതായി കാണാം. മദ്ധ്യസ്ഥതയണയ്ക്കുന്ന രാജാക്കന്മാർ. രാജാക്കന്മാരും പുരോഹിതന്മാരും എന്ന നിലയിൽ അധികാരത്തോടെ മദ്ധ്യസ്ഥത ചെയ്യുന്നവർ.

ദൈവം നേരിട്ട് തന്റെ ഭക്തന്മാരുടെ പ്രാർത്ഥന കേട്ട് മറുപടി നൽകുന്നു. പ്രാർത്ഥനയിലൂടെ സഭ ദേശത്തിന്മേൽ ആധിപത്യം നടത്താനുള്ള ശക്തി പ്രാപിക്കുന്നു. ദൈവം സ്വതന്ത്ര പരമാധികാരിയാണ്, എന്നാൽ പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ തക്കവണ്ണം ഒരു വലിയ അളവിൽ നിർബ്ബന്ധിതനായിരിക്കുന്നു. ഹാലെസ്ബി എന്ന ദൈവഭക്തൻ പ്രാർത്ഥനയെ വിളിക്കുന്നത്, പ്രാർത്ഥന എന്ന കുഴലിലൂടെ ദൈശക്തി ഭൂമിയിലേക്കിറങ്ങുന്നു എന്നാണ്. താൻ അതിനോട് ചേർത്ത് വീണ്ടും പറയുന്നത്, " പ്രാർത്ഥനയെന്നത് ദൈവത്തെ നമ്മോടടുത്തു വരുമാറാക്കുന്ന എളുപ്പവഴിയാണ് " എന്നാണ്. അതിലൂടെ ലോകത്തെ രക്ഷിക്കുന്ന ദൈവശക്തി കർത്താവായ യേശുവിലൂടെ പകർന്നു തരുന്നു. കാൽവിൻ പഠിപ്പിക്കുന്നത് പ്രാർത്ഥനയിലൂടെ സാത്താന്റെ ആധിപത്യം തകരുകയും ദൈവത്തിന്റെ രാജ്യം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

### പോരാടി പ്രാർത്ഥിക്കുന്നതിന്റെ മഹത്വം

തന്റെ പരമാധികാര സിംഹാസനത്തിൽ ഇന്ന് കർത്താവായ യേശുവിന്റെ മഹത്വം എന്നത് മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെയുള്ള ക്രിസ്തുവിന്റെ പോരാട്ടമാണ്. ഇത് നമ്മുടെ മഹത്വകരമായ ശുശ്രൂഷയായിത്തീരുകയും ചെയ്യുന്നു. കർത്താവായ യേശുക്രിസ്തു ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനെക്കാൾ മഹത്വകരമായ ക്രിസ്തുവുമായുള്ള സഹവർത്തിത്വം വേറെയില്ല. സഭയിൽ ശ്രേഷ്ഠവും അനുഗ്രഹിക്കപ്പെട്ടതുമായ ഒരു വിശ്വാസിയായിരിപ്പാൻ വേറെ മാർഗ്ഗമൊന്നുമില്ല. കർത്താവായ യേശുവിന്റെ രാജ്യം സ്ഥാപിതമാകുവാനും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിന് മഹത്വം വരുത്തുവാനും ഇതിനെക്കാൾ ശ്രേഷ്ടമേറിയ മാർഗ്ഗം വേറെയില്ല. ഭൂമിയിലായിരിക്കുമ്പോൾ നാം ചെയ്യുന്ന ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ് പോരാടി മധ്യസ്ഥതയണയ്ക്കുക എന്നത്.

കർത്താവിനോടുകൂടെ കരയുന്നതും കർത്താവിനെ സ്നേഹിക്കയും കർത്താവിനോടുകൂടെ എരിഞ്ഞ് ശോഭിക്കുന്നതും മഹത്വകരമായ ഒരനുഭവമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെയുള്ള യുദ്ധവും വിജയവും പങ്കിടുക എന്നുള്ളത് മഹത്വകരമായ കാര്യമാണ്. വരുവാനുള്ള ലോകത്തിന്റെ മഹത്വവും ശക്തിയും അങ്ങനെ നാം ആസ്വദിക്കുകയാണ്. (എബ്രാ. 6:5). നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ഉണ്ടാകുമ്പോൾ ദൈവത്തിന്റെ മഹത്വം നമ്മുടെ ആത്മാവിൽ സ്വാധീനമാവുകയാണ്. പ്രത്യക്ഷമായ മറുപടി പെട്ടെന്ന് കിട്ടിയില്ലെങ്കിലും ദൈവത്തിന്റെ ഇഷ്ട പ്രകാരം ഞാൻ പോരാടിയിരിക്കുന്നു എന്ന ഉറപ്പും ദൈവത്തിന്റെ മഹത്വത്തിൽ നാം കടന്നു ചെല്ലുമ്പോൾ നമ്മുടെ പോരാട്ടത്തിന്റെയും പ്രാർത്ഥനയുടെയും പ്രതിഫലങ്ങൾ നാം പ്രാപിക്കയും നമ്മുടെ പ്രാർത്ഥന മൂലം നാം നേടിയ നേട്ടങ്ങൾ ദൈവം നമ്മെ കാണിക്കയും ചെയ്യു. എത്ര ശ്രേഷ്ടകരമായ ബഹുമാനമാണ് പ്രാർത്ഥനയിൽ പോരാടുന്ന തന്റെ ഭക്തന്മാർക്കു വേണ്ടി തിരുവചന പ്രകാരം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ ഒരുക്കപ്പെട്ടിരിക്കുന്നത് (1കൊരി. 3:11-15; 4:5;9:25).

കർത്താവായ യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ കൂട്ടാളികളായി പ്രാർത്ഥിക്കുന്ന അനവധി ഭക്തന്മാരുടെ കൂട്ടായ്മയിൽ ഒരു പങ്കുവഹിപ്പാൻ കഴിഞ്ഞ നമുക്കുള്ള മഹത്വവും അന്നു നാം അത്ഭുതത്തോടെ കാണും. ദൈവപ്രവൃത്തിയുടെ രഹസ്യങ്ങളായി കാലാകാലങ്ങളിൽ പ്രാർത്ഥനയിൽ പോരാടിയ ഭക്തന്മാരെയും നാം നേരിൽകാണും. ദൈവത്തിന്റെ ഹൃദയത്തിൽ ആരംഭിക്കുകയും പരിശുദ്ധാത്മാവിനാൽ നമുക്കു നൽകുകയും വിശുദ്ധദൂതന്മാരെ സാക്ഷിയാക്കി പുത്രൻ മുഖാന്തരം ദൈവമുമ്പാകെ അർപ്പിക്കയും ചെയ്തുകൊണ്ടി

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച )

## മധ്യസ്ഥതയണയ്ക്കുന്നവരെ ദൈവത്തിനാവശ്യമുണ്ട്

ജീവിച്ച് വരുമാനമുണ്ടാക്കാൻ കഴിയും. പെൺ കുട്ടികളെ ആർക്കും വേണ്ടാത്ത സ്ഥിതിവരും. അവരെ ക്ഷേത്രങ്ങളിൽ എത്തിക്കും. അവർ അവിടെ ദേവദാസികൾ അഥവാ വേശ്യകളായി മാറും. പന്ത്രണ്ടും പതിമൂന്നും വയസ്സുള്ള പെൺകുട്ടികൾ ക്ഷേത്രങ്ങളിൽ വേശ്യകളായി ഉപയോഗിക്കപ്പെടുന്നത് അമികാർമൈക്കിളിന്റെ ഹൃദയത്തെ തകർത്തു. അവർ ആ പെൺകുട്ടികളെ പുറത്തു കൊണ്ടുവരുവാൻ കഠിനാദ്ധ്വാനം ചെയ്തു. ചിലരെ അവർ പുറത്തു കൊണ്ടു വന്നു. എന്നാൽ ക്ഷേത്രത്തിലെ പുരോഹിതന്മാർ പ്രശ്നമുണ്ടാക്കുവാൻ തുടങ്ങി. ക്ഷേത്രത്തിലെ പുരോഹിതന്മാർ വ്യാപാരികളായ ചില ഇൻഡ്യക്കാരോട് ഈ കാര്യം ബോധിപ്പിച്ചു. ഇൻഡ്യക്കാരായ ചില ആളുകൾ ബ്രിട്ടീഷുകാരായ ആളുകളോട് ഇക്കാര്യം ബോധിപ്പിച്ചു. നിങ്ങളുടെ ഇടയിൽ നിന്നും ഒരു സ്ത്രീ ഇങ്ങനെ ക്ഷേത്രത്തിൽ പ്രശ്നമുണ്ടാക്കുന്നു എന്ന് പറഞ്ഞു. അവർ വന്ന് അമികാർമൈക്കിളിനെ കണ്ടു: ദൗത്യത്തിൽ നിന്നും പിന്മാറണം എന്നാവശ്യപ്പെട്ടു. അമി അവരോട് ചോദിച്ചു ഈ കുട്ടികളെ എന്തു ചെയ്യും. അർ പറഞ്ഞു കാര്യം ശരിയാണ്. കുട്ടികളുടെ കാര്യം പരമദയനീയമാണ്. പക്ഷേ നീ അവർക്ക് ഒരു പ്രശ്നമാണ്. അതുകൊണ്ട് നീ ഈ കാര്യത്തിൽ നിന്നും പിന്മാറണം എന്നു പറഞ്ഞു.

ആ സമയം അവർ ഒരു പെൺകുട്ടിയെ ക്ഷേത്രത്തിൽ നിന്നും പുറത്തു കൊണ്ട് വരുവാൻ ശ്രമിച്ചു കൊണ്ടിരിക്കയായിരുന്നു. അവർ ഇങ്ങനെ ചിന്തിച്ചു. ഈ പുരോഹിതന്മാർ എത്ര ദയ മനുഷ്യരോട് കാണിക്കേണ്ടവരാണ്. അവർ അത് ചെയ്യിന്നല്ലല്ലോ എന്ന് ചിന്തിച്ചു. അമി പ്രധാന പുരോഹിതന്റെ മുഖത്തേയ്ക്ക് നോക്കി ഉരുക്കു മനുഷ്യന്റെ മുഖത്തെ പരുക്കൻ ഭാവങ്ങളെ അവർ ശ്രദ്ധിച്ചു. വേശ്യാവൃത്തിയിലൂടെ അവരുടെ വരുമാനമാർഗ്ഗമാകയാൽ അവളെ വിടുവാൻ അവർ തയ്യാറായില്ല. എല്ലാവരും അമിയുടെ നേർക്ക് തിരിഞ്ഞി. അമി അവളുടെ മുറിയിലേക്ക് പോയി, ഏകയായ മിഷനറി വനിത, അവൾ മുട്ടു മടക്കി ദൈവത്തോട് ഇങ്ങനെ പറഞ്ഞ് ദൈവമേ, ഇത് എന്റെ പ്രശ്നമല്ല, “ ഞാൻ ചെയ്യേണ്ടതു ചെയ്തു. എന്തു ചെയ്യണം എന്ന് ഞാൻ അറിയുന്നു. പക്ഷേ അതു പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. ഇത് എന്റെ പ്രശ്നമല്ല ദൈവമേ”.

. പെട്ടെന്ന് അവൾ കർത്താവിനെ കണ്ടു. കർത്താവ് ഒരു മരത്തിന്റെ ചുവട്ടിൽ മുട്ടിന്മേൽ നിൽക്കുന്ന കാഴ്ച അവർ കണ്ടു. അവിടുത്തെ കണ്ണുകളിൽ നിന്നും കണ്ണുനീരിന്റെ രണ്ട് അരുവികൾ ഒഴുകുന്നത് അവർ കണ്ടു. പെട്ടെന്ന് ആ കണ്ണുകൾ തുളച്ചു കയറുന്നതുപോലെ അമിയെ ഉറ്റു നോക്കി. എന്നിട്ടു പറഞ്ഞു, അമീ, ഇത് നിന്റെ പ്രശ്നമല്ല. ഈ പ്രശ്നം എന്റേതാണ്. അതിൽ ആരെങ്കിലും എന്നെ സഹായിക്കുമോ എന്ന് ഞാൻ നോക്കിക്കൊണ്ടിരുന്നു. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. (യെശ. 53 : 4). യേശു അവരെ എടുത്തു; അവരെ ചുമന്നു. ദൈവം സോദോമിനെയും ഗോമോറയെയും നശിപ്പിക്കുമ്പോൾ അബ്രഹാമിനെക്കുറിച്ച് പഠിക്കുമ്പോൾ ദൈവം സംസാരിക്കുന്നത് അപ്പോൾ യഹോവ അരുളിചെയ്തത്: □ഞാൻ ചെയ് വാനിരിക്കുന്നത് അബ്രഹാമിനോട് മറെച്ചുവയ്ക്കുമോ? അത് അബ്രഹാമിനെ മദ്ധ്യസ്ഥതയിലേക്ക് നയിച്ചു.

മറ്റൊരുവന്റെ പ്രശ്നം സ്വന്തം പ്രശ്നമായി ഏറ്റെടുത്ത് അവരുടെ ഭാരം വഹിക്കുവാൻ തയ്യറാകുന്നതാണ് യഥാർത്ഥ മദ്ധ്യസ്ഥത. മറ്റൊരാളിന്റെ വേദന സ്വന്തം വേദനയായി മാറുകയാണ്. ആ ഭാരം ഉള്ളിൽ വരുമ്പോൾ രാത്രിയിൽ ഉറങ്ങാൻ കഴിയുന്നില്ല; രാത്രിയിലും ഉണർന്ന് പ്രാർത്ഥിക്കുകയാണ്. ഒരു മകനുവേണ്ടി, ഒരു കുഞ്ഞിനുവേണ്ടി, ഒരു സഭയ്ക്കുവേണ്ടി, ഒരു രാജ്യത്തിനുവേണ്ടി, ഉത്തരവാദിയായി പ്രാർത്ഥിക്കുന്നു. ഇത് ഒരു ഭാരമാണ്. അകത്തുനിന്നും ഒരു ശബ്ദം മുഴങ്ങി കേൾക്കുന്നത് നശിച്ചുപോകുന്ന ആത്മാക്കളെ രക്ഷിച്ചെടുക്കുവാനുള്ള എന്റെ ഹൃദയഭാരം വഹിപ്പാനുള്ള ആ പദവി ഞാൻ നിനക്കു തരുന്നു. റോമർ 8:26-ൽ കാണുന്നത് ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത വേദനയിലേയ്ക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. അത് ദൈവത്തിന്റെ ഹൃദയമാണ്. ദൈവം അവനെ അതിനായി അനുവദിക്കുകയാണ്. ദൈവത്തിന്റെ ഹൃദയത്തീന്റെ ആ വേദനയിലേക്ക് പ്രവേശിക്കുക എന്നത് ഒരു പദവി കൂടെയാണ്. ദൈവത്തിന്റെ വാഗ്ദത്തവും അതിലുണ്ട്.

ദൈവം അമി കാൽമൈക്കിളിനോട് പറഞ്ഞു, ഇത് എന്റെ ഭാരമാണ്, അതിനെ പങ്കിടുവാൻ ഞാൻ ഒരാളെ അന്വേഷിക്കുന്നു.

ദൈവത്തിൽ നിന്നുള്ള ഒഴുക്കുകൾ നമ്മിലൂടെ ഒഴുകി മറ്റൊരു വ്യക്തിയിലേക്ക് എത്തുവാൻ മദ്ധ്യസ്ഥ പ്രാർത്ഥന കാരണമാവുന്നു. യഥാർത്ഥത്തിൽ ആ വ്യക്തി അറിയാതെ തന്നെ ദൈവത്തിന്റെ അനുഗ്രഹം അവരിലേക്ക് പകരുവാൻ പ്രാർത്ഥനകാരണമാവുന്നു. ഒരു വ്യക്തിയുടെ മാനസാന്തരത്തിൽ എവിടെയോ ഉള്ള ആരുടെയോ ഇടപെടൽ ഉണ്ടായിട്ടുള്ളതായി കാണാം. ആരും തനിയേ ദൈവത്തിന്റെ രാജ്യ ത്തിലേക്ക് വരികയില്ല. ചില ബന്ധങ്ങളിലൂടെയാണ് ആളുകൾ ദൈവത്തിലേക്ക് വരുന്നത്.

ദൈവം മദ്ധ്യസ്ഥ പ്രാർത്ഥനക്കാരെ അന്വേഷിക്കുന്നു. ആരാണ് ആ വ്യക്തി?

❖

(7-ാം പേജിന്റെ തുടർച്ച )

## പോരാടി പ്രാർത്ഥിക്കുക, സഭയുടെ ആവശ്യം

രുന്ന നമ്മുടെ മദ്ധ്യസ്ഥതയിലൂടെ പോരപാടുന്ന പ്രാർത്ഥനയുടെ മഹത്വം അന്ന് നാം കാണും. പോരാടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ഒരിക്കലും വ്യർത്ഥമല്ല എന്ന് അന്ന് നാം കാണും. അത്ഭുതത്തോടും സ്നേഹത്തോടും പൂർണ്ണ വിനയത്തോടും ദൈവമുമ്പാകെ തലവണക്കി നാം പറയും; അവിടുത്തെ സിംഹാസനത്തിനും ശുശ്രൂഷയ്ക്കും നിത്യവിജയത്തിനും പങ്കാളിയാകുവാൻ എനിക്കെന്തൊണുയോഗ്യത!

കർത്താവേ, ആ പദവിയും ചുമതലയും പോരാടിയുള്ള പ്രാർത്ഥനയുടെ മഹത്വവും എന്നെ പഠിപ്പിക്കേണമേ! ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975